# blaze

## lourdu Matha HIgher Secondary School

## Pallikunnu

little KITEs



## സന്ദേശം




പ്രിയ കൂട്ടുകാരെ,

നമ്മുടെ വിദ്ദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കി കണ്ടതിൽ അതിയായ സന്തോഷം . നമ്മുടെ വിദ്ദ്യാലയത്തിൽ ആദ്യമായാണ് സമ്പൂർണ്ണ ഡിജിറ്റലായി ഒരു മാഗസിൻ പുറത്തിരങ്ങുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ വിദ്ദ്യാർത്ഥികളേയും അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു ലോകത്തന്റെ പ്രതീക്ഷകൾക്കൊപ്പം പറന്നുയരാൻ വിവര സാങ്കേതിക വിദ്ദ്യ നിങ്ങളെ സഹായിക്കും എന്നതിൽ സംശയമില്ല. ഹൃദയം നിറഞ്ഞ ആശംസകൾ.

സ്നേഹത്തോടെ
ജെസ്സി തോമസ്സ്
(പ്രധാന അദ്ധ്യാപിക)


# ആമുഖം

വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം
വിദ്യാഭ്യാസ രംഗത്തെ  അടിമുടി മാറ്റിമറിച്ചു കൊണ്ടിരിക്കുന്ന
വേളയിൽ ലൂർദ്ദുമാത ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ
തയ്യാറാക്കിയ കൊച്ചു ഡിജിറ്റൽ മാഗസിൻ ഏവർക്കും സമർ-
പ്പിക്കുന്നു. കുട്ടികളുടെ സാങ്കേതിക മികവുകൾ പ്രദർശിപ്പിക്കുവാനുള്ള
വേദിയായി ഇതിനെ മാറ്റുന്നതോടൊപ്പം നൂതന സാങ്കേതിക വിദ്യയുടെ
വിശാലതയിലോക്ക് നമുക്കൊരുമിച്ച് പറക്കാം.......



# മാഗസിൻ പിന്നിൽ പ്രവർത്തിച്ചവർ

നിധിൻ കെ.എസ് (ചിത്രകലാ അധ്യാപകൻ)
അനില ബാബു (ചീഫ് എഡിറ്റർ)
ജെറി ജോസഫ് (കൈറ്റ് ലീഡർ)
പ്രമിത എ.എസ് (കൈറ്റ് ലീഡർ)
ക്രൂപ മെറിൻ രാജേഷ്
മുഹമ്മദ് അജ്മൽ
ഇഹ്സാനൽ ഹക്ക്
ഫയാസ് സി
റിൻസി സനം
ജോമിൻ സജി
റഫ്ന ഷെറിൻ
ഫാത്തിമ സിത്താര



# The origin of “Atlas”

Atlas is a collection of maps or charts, usually bound together, though the modern atlas can also be found in multimedia formats, such as on CD-ROM. The name derives from a  custom- initiated by Gerardus  Mercator in the 16'th century – of using the figure of the titan Atlas, holding the  g lobe on his shoulders, on the frond covers of books of maps. Abraham ortelius's Epitome of the Theater of the world (1570)is generally thought to be the first modern atlas. Atlases often contain pictures, tabular data, facts about areas, and indexes of place- names keyed to coordinates of latitude and longitude or to locational grid with numbers and letters along the sides of maps.

Rafna Rincy

# എൻെറ ഗ്രാമം

കാത്തിരിക്കുന്നു ഞാൻ ആ
നല്ല നാളിൻെറ ആഗമനത്തിയി
മൂകനായി ആശ്ചര്യമില്ലാത
അങ്കലാപ്പില്ലാതെ കാത്തിരിക്കുന്നു
ഞാൻ ഏകനായി.........
ഓർക്കുന്നു ഞാൻ മരുഭൂമിയിൽ നിന്നു
ദൈവത്തിൻെറ ആ ഗ്രാമ ഭംഗി
ഓർക്കുന്നു  ഞാനി മരുഭൂമിയിൽ നിന്നും
ദൈവത്തിൻെറ ആ ഗ്രാമ ഭംഗി
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്ന്
വിരഹ ദുഃഖത്തിൻെറ വേദനയിൽ

റംഷീന ജാസ്മിൻ

# കരുണയുടെ കൈകൾ

പതിവ് പോലെ അന്നും രാവിലെ നേരത്തെ തന്നെ അമൃത നടന്ന് സ്കൂളിലെത്തി. എല്ലാവരും സ്കൂൾ ബസിനും ഓട്ടോറിക്ഷയിലുമാണ് വരുന്നത്,അമൃതയുടെ അച്ഛൻ ദിവസവും അടുത്തുള്ള എസ്റ്റേറ്റിൽ ജോലി-ക്കു പോകുന്നുണ്ട്, അമ്മയ്ക്ക് മൂന്ന് വർഷം മുമ്പ് വന്ന വൃക്കരോഗത്തിന്റെ പ്രയാസത്തിലാണ് മരുന്നിന് ആഴ്ചതോറും നല്ലൊരു തുക കണ്ടെത്തണം നിത്യചെലവിന് വളരെ ബുദ്ധിമുട്ടിയാണവർ കഴിയുന്നത് അമൃതക്ക് സഹോദരങ്ങൾ ആരുമില്ല.

കൂട്ടുകാരൊക്കെ എത്തിത്തുടങ്ങി, ബാഗ് ബെഞ്ചിൽ വച്ച് അവൾ വരാന്തയിൽ വന്നു. നയനയും, നമിതയും, മെറിനും നടന്നുവരുന്നത് അവൾ ദൂരെ നിന്നേ കണ്ടു. തന്റെ കൂട്ടുകാർ ഇന്ന് വളരെ സന്തോഷത്തിലാ-ണ് വരിന്നത് തമ്മിൽതമ്മിൽ എന്തോ അടക്കം പറയുന്നുണ്ട് എല്ലാവർക്കും ദിവസവും മാറിയിടാൻ പുതിയ ഉടുപ്പുതൾ ഉണ്ട് തനിക്ക് രണ്ട് ജോഡി ഉടുപ്പു-കൾ ഉള്ളത് അമ്മ വയ്യാതിരിന്നിട്ടും വ്ര്ത്തിയായി അലക്കിതേച്ച്തരും


അടുത്ത ആഴ്ചയാണ് സ്ക്കൂളിൽ നിന്ന് ഊട്ടിയിലേക്ക് വിനോ-ദയാത്ര പോകുന്നത്, ഒരാൾ 1000 രൂപ വീതം നൽകണം തനിക്കും ആഗ്ര-ഹമുണ്ട് വീട്ടിൽപറഞ്ഞാൽ അച്ഛൻ എങ്ങനെ എങ്കിലും പണം ഉണ്ടാക്കിത്ത-രും പക്ഷേ പറയാൻ മനസ്സ് അനുവദിച്ചില്ല അമ്മക്ക് വേണ്ടിയാണ് അച്ഛൻ രാപകലില്ലാതെ കഷ്ടപ്പെടുന്നത്.

അമൃതയെ കണ്ടതും കൂട്ടുക്കാർ ഓടിയെത്തി അടുത്ത് എത്തിയതും സംസാരം നിർത്തി. ക്ലാസിലെ ഏറ്റവും മിടുക്കിയാണവൾ, കൂട്ടുകാർക്ക് എല്ലാം പ്രിയപ്പെട്ടവൾ തങ്ങളുടെ കൂടെ വിനോദയാത്രക്ക് അമൃതയില്ലന്ന് അറിഞ്ഞതിന്റെ വിഷമത്തിലാണവർ കൂട്ടുകാരെ കണ്ടതും അവൾ തന്റെ സങ്കടങ്ങൾ മറന്നു.എല്ലാവരും അസംബ്ലിക്ക് പോകാനുള്ള ഒരുക്കത്തിലാണ്. രാഘവേട്ടൻ ബെല്ലടിക്കാനായി പോകുന്നുണ്ട് എല്ലാവരും വരിവരിയായി ഗ്രൗണ്ടിലേക്ക് പോയി. ഞങ്ങളുടെ ക്ലാസ്സ് ടീച്ചറായ ഉഷടീച്ചർ ഞങ്ങളുടെ പിറകിലായി വരുന്നുണ്ട്. നമിത ഉഷടീച്ചറുമായി സംസാരിച്ചു കൊണ്ടാണ് വരുന്നത്. ടീച്ചറുടെ കൈയ്യിൽ എന്തോ നല്കുന്നത് കണ്ടു.

പ്രാർത്ഥനയും അസംബ്ളിയും കഴിഞ്ഞ ഉടൻ ഹെഡ്മാസ്റ്റർ വിനോ-ദയാത്രക്ക് പോകുന്നവർ എത്രയും വേകം പേര് നൽകണമെന്ന് വീണ്ടും ഓർമ്മിപ്പി-ക്കുകയുണ്ടായി. തിരികെ ക്ലാസിൽ എത്തി ഉഷടീച്ചറാണ് ആദ്യത്തെ പിരീഡിൽ രാവിലെ മലയാളം പദ്യം പഠിപ്പിച്ചു. ക്ലാസ്സിൽ നിന്നും പോകുന്നതിന്

മുമ്പായി ടീച്ചർ വിനോദയാത്രക്ക് പോകാൻ പേര് തന്നവരുടെ പേരുകൾ വായിക്കാ-
ൻ തുടങ്ങി ഏറ്റവും ഒടുവിലായി അമൃത എന്ന് കേട്ടതും ഞാൻ അമ്പരന്ന പോയി .
ക്ലാസിൽ ആ പേരിൽ ഞാൻ മാത്രമാണുള്ളത് ഇനി അച്ഛൻ എങ്ങനെയെങ്കിലും വിവരം
അറിഞ്ഞ് ടീച്ചർക്ക് പണം നൽകി കാണുമെന്ന് കരുതി. ടീച്ചർ പോയ ഉടൻ കൂട്ടുകാർ
അവളുടെ ചുറ്റും കൂടി അവൾക്ക് ഒന്നും മനസ്സിലായില്ല. മെറിനാണ് പറഞ്ഞത് നിനക്ക്
വിനോദയാത്രക്ക് പോകാനുള്ള പണം ഞങ്ങൾ എല്ലാവരും കൂടിയാണ് നൽകിയത്.
ഇത് കേട്ടതും സന്തോഷാധിക്യത്താൽ അവളുടെ കണ്ണുകൾ ഈറനണിഞ്ഞു.

പ്രമിത എ എസ്



# തണൽ

വാടിക്കരിഞ്ഞൊരാ   മരച്ചില്ലയിൽ
തണലെങ്ങോ   പോയ്മറഞ്ഞു
ഇലയില്ല,  പൂവില്ല,  കായ്കളില്ല
കിളിയില്ല,    കൂടില്ല,  കൂട്ടരില്ല
ഒന്നുമേയില്ലൊരാ  പടുവൃക്ഷമെന്നും
അന്യമായിത്തീരുമോ  മാനവർക്ക്
അടർന്നുവീഴുന്നൊരീ കരിയിലകളിൽ
കണ്ണീരിൻ ഉപ്പുരുചി മാത്രം ശേഷിക്കവെ
ശോഷിച്ച  വേരും ആ  ശാഖകളും
വെയിലേറ്റുവാടുന്ന  തായ്ത്തടിയും
എന്നുമീകാഴ്ച്ചകൾ  കണ്ടീടുന്നു നാം
മാറ്റമില്ലേയൊരിക്കലും ഈ കാഴ്ച്ചകൾക്ക്
തണലേകുവാനും  ഫലമേകുവാനും
ഏകാന്തതയിൽ  കൂട്ടിരിക്കാനും
ജീവനു ജീവിതമേകിടുവാനും
മരതകമാമല ഭൂമിക വേണം

മരിയ ജോസ്ന

# ഓർമ്മച്ചുവരിലെ ചിത്രങ്ങൾ

ഓർമ്മകളുടെ പുസ്തകതാളുകൾ
മറക്കുമ്പോൾ ഞാൻ ഓർക്കുന്നുവെൻ
മഞ്ഞിൽപ്പൊതിഞ്ഞ കലാലയ കാലം
ജീവിതമെന്താണെന്ന് തിരിച്ചറിഞ്ഞ കാലം
പിണങ്ങിയും ഇണങ്ങിയും നടന്ന വഴികൾ
മധുരിക്കും ഓർമ്മകൾ തന്ന സൗഹൃദവീഥികൾ
നീലരാവിൻ ജാലക പാളികളിലൂടെ
യെത്തിനോക്കുന്ന ഞാൻ എൻ ഓർമ്മകളെ
തിരമാലപോലെ ഓടി അകലുന്നുവെൻ
കുളിരുന്ന ഓർമ്മകൾ എല്ലാം ഇന്ന്
ഓർമ്മചുവരിലെ ചിത്രങ്ങളായിതീർന്നു.

അനില ബാബു

# ചിരിക്കുന്ന കാർമേഘം

മഴയൊരു പദനീ സ്വരമായി പടി-
കടന്നെത്തി
തുളുമ്പുന്ന ഹസ്തമായി മാറി ആ മഴ
മഴത്തുള്ളികളാൽ കല്ലിന ചൂടിയ
റാണിമാരായി പുൽകളെല്ലാം
ചിരിക്കുന്ന കാർമേഘമായി
ഉർവിയിലെ ഓളങ്ങളിലേക്ക്
പെയ്തിറങ്ങുന്ന ഞാൻ.
ആ തീരമാകെ ഞാനൊരു
സംഗീതമായി മാറി.

ലിയ മാത്യു

# My school



# നിന്റെ മരണം?

കാലത്തിന്റെ കരാളഹസ്തങ്ങളാൽ
വിധിയുടെ കളിപ്പാവകളായി മാറിടുന്ന മനുഷ്യർ
മരണത്തിന്റെ നിഴൽവീണ പാതകൾ താണ്ടി

അഗാധശ്രൂവ്യത്തിലാണ്ടുപോകുന്ന ആത്മാവ്.....
ദൈവമെന്ന സ്രഷ്ടികർത്താവിന്റ
കൈപ്പിടിയിലൊതുങ്ങുമാ ജീവിതം

ആയുസ്സിന്റെ മുഴങ്കാലുകൊണ്ട് ഉപമിക്കവേ.......
മരണം വമിക്കുമീ വേളയിൽ
നിത്യാനഭ്രതിപോൽ എങ്ങും
കാറ്റിലുലയുന്ന സൗരഭ്യധൂപികൾ

യാതനകളും, വേദനകളും നിറഞ്ഞൊരാ
ജീവിതനൗകയിൽ നടന്നുനീങ്ങുന്നതിനേക്കാൾ
മരണത്തിന്റെ വിളിയോട് കാതോർത്തിരിക്കുന്ന
മനുഷ്യാത്മാക്കളെ ഒന്നോർത്തീടുകിൽ
നിന്റെ മരണം അർത്ഥമില്ലാത്തതോ

മരിയ ജോസ്ന

# Trees For life

We should understand the importance of trees in our lives and do our best to save them and consequently save the earth. Here are some facts of serious concern that show us how essential it is to act now.....

Agriculture is the leading cause of deforestation. Even if the agricultural land is given back to nature , it has lost the biodiversity that once lived on it.

A tree produces 260 pounds of oxygen in a year. Also, in a year a tree can absorb as much carbon dioxide produced by a car driving 26,000 miles. Research shows that 15.3 billion trees are cut down every year.

One and a half acres of forest is deforested every second.

Referred to as the 'lungs of the earth' the Amazon Rainforest has been reduced to 20 percent of its original size over the last 40 years.

It has been found that loss of trees is connected to higher death rates in human beings.

PLANT TREES. SAVE LIFE. SAVE EARTH.

DIBIN ,RAFNA

# HEAVENLY TOYS

Dawn smiles to the flowers on the earth
Dews twinkle like stars on the petals
Birds screeching while they are out to the sky
Bonds of love and care form where on the earth.
Nature, the mother of all on the earth
New become new all through day after day
Child who watches on the work of the fate
Chill by the showering benediction from heaven.

Rinshad K

# ചുവപ്പ്

നിറമേ ചുവപ്പെ നിന്നോട്
എനിക്കുള്ള പ്രണയം
മായിച്ചാലും മായാത്ത
ശിലാ ചത്രങ്ങൾ പോലെയാണ്
ആഘ്ലാതത്തിൽ നീ എന്നെ
വേർപ്പിരിഞ്ഞപ്പോൾ ഞാൻ
ഏകയായില്ലേ
നിൻ വയലിൻ തന്ത്രികളിൽ
നിനക്കായ് ഞാൻ ഈണം മീട്ടും
തിരികെ വരുമോ നീ എന്നെങ്കിലും
എനിക്ക് തുണയായി
ചെങ്കൊടി പാറിച്ച് നീ എത്തുമെന്ന്
ഞാൻ കരുതുന്നു

ലിയ മാത്യു

## MY HERO

My Dad, My Hero...
My Super Hero...
He taught me the first lesson of life
He taught me the wonder of books
He taught me the secret of quiet laughter...
He taught me that its far honourable to fail
Than to cheat...
He taught me to have faith in my ideas...
He taught me to smile when I am sad
and there is no shame in tears...
He taught me to close my ears to a howling
Mob and to be impatient, and should have the
patience to be brave...
Yes,My Dad...
He is the best in best...

Pramitha A S

# Travel can be great fun

Travel can be loads of fun. You get to see new places, meet new friends, enjoy new foods. They are a lot of reasons why people travel for fun:
Some people travel to learn about the history of a city or country, or learn about the people who live there, or their ancestors.
People from cold places might want to relax in the sun. Many people from the north of Europe travel to spain, Italy, Greece and Turkey for the sun.
Some people travel to do an activity which they cannot do at home. There are lots of skiing resorts in switzerland and Austria, where people who do not have mountains at home can ski.
People sometimes visit friends and family in another city or country.
Finally, some people enjoy a change in scenery.
Whatever the reason, travelling has a great educative value in store, and even broadens one's out look to life as a whole. Meeting . people from the other parts , getting to know their cultural habits can help you to bring back home several useful tips to make your own life better.

RAFNA

# ഭ്രമിയിൽ നിന്നൊരാൾ സ്വപ്നം വായിക്കുന്നു

സ്വപ്നങ്ങളിലേക്കുള്ള
ദൂരമെത്രയാണ്,
മെല്ലിച്ച ചില്ലയിൽ നിന്ന്
വേർപ്പെട്ടോരിൽ
പതിയെ
വളരെ പതിയെ
മണ്ണിനെ പുണരും പോലെ
തൊട്ടുപിന്നിലൊരു
ജലത്തുള്ളി അതിൽ നിശബ്ദം
ചുംബിക്കും പോലെ
രാത്രിയുടെ മൂന്നാം യാമപകുതിയിൽ
നേർത്തൊരു നൂൽ പാതയിൽ
അവളുടെയടുത്തേക്കെന്ന പോലെ
അടിമുടി തണുപ്പിച്ച്....
കാറൊഴിഞ്ഞു പോയിട്ടുണ്ടാവും
കാലം ഒന്നുമറിയാതെ
കടന്ന് പോയിട്ടുണ്ടാവും....
ഒരു പട്ടികയും

ക്രൂപ മെറിൻ രാജേഷ്

# NATURE

Nature,Nature is our teacher.
When the rain cames like a guest
The nature beauty is a miracle,
When the day light is sprouting
The earth's surface is shinning like gold,
When the day light goes back
To the sun the earth is like black gold.
Now look up to the sky
The stars are like a small twinkling diamonds,
Oh god ! you are so grateful
The trees in the earth is like algae in the pound
The mountain is like huge sky
The waterfall is like pure white milk
The fishes are like pearls in the locker
The aeroplane in the sky is like the bird in mountain
All are the things which is made by you
See the greenery around like a green globe
See the blue colour at up like a blue planet
Oh god ! you are so fantastic !

Pramitha A S

# RAIN

The million billion drops in our nature,
give green for our eyes
The rain is flowing like a silver threads
The rain sounds like a singer
The heavy rain compares to happy and,
showering rain compares to sorrows
The rain says that,
she is the messenger between clouds
When the rain drops falls into face
The eye drops will be erased
The blessing from the god refers to rain.

Jerry joseph

# അമ്മയ്ക്ക്

നമ്മൾക്ക് ഏവർക്കും സുപരിചിതമായ എം.ടി വാസുദേവൻ നായർ.തന്റെ ഭാഷശൈലി കൊണ്ട് വായനക്കാരുടെ മനസ്സ് കീഴടക്കിയ മഹാ പ്രതിഭ സിനിമാചരിത്രത്തിലേക്ക്തന്റെ വള്ളുവനാടൻ ഭാഷ ആദ്യമായി. കൊണ്ടുവന്ന മലയാള സാഹിത്യത്തിന്റെ പെരുന്തച്ചൻ എന്നറിയപ്പെടുന്നു.കഴിഞ്ഞ അഞ്ചുപതിറ്റാണ്ടായി അദ്ദേഹം എഴുത്തിന്റെ ലോകത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. അദ്ദേഹത്തിന്റെ വിലമതിക്കാനാകാത്ത ഒരുപാട് കവിതകൾ കഥകൾ നാടകങ്ങൾ മലയാളസാഹിത്യത്തിലേക്ക് സംഭാവന ചെയ്തു

NIBA SITHARA

# അമ്മ

അമ്മ മകൾക്ക് വേണ്ടി സ്വന്തം
ജീവൻ വരെ വെടിയാൻ തയ്യാറാണ്
ഒരു അമ്മ ദൈവത്തിന് സമമാണ്
മക്കളുടെ ഏറ്റവും വലിയ സന്തോഷവും
ശക്തിയും അവരുടെ അമ്മയായിരിക്കും
മക്കൾക്ക് അച്ഛനോടുള്ള അടുപ്പത്തേക്കാൾ
ഏറ്റവും കൂടുതൽ അടുപ്പം അവരുടെ
അമ്മയോടായിരിക്കും. മക്കളോട് കൂട്ട-
കാരെപ്പോലെയാണ് അമ്മ പെരുമാറുക.
മക്കളെ ഒരു വാക്ക് കൊണ്ട് പോലും
വേദനിപ്പിക്കാൻ ഒരു അമ്മയും ആഗ്രഹിക്കുകയുല്ല.
എങ്കിലും തന്റെ
മക്കളോടുള്ള സ്നേഹം കൂടുതൽ കാരണമാണ്.
നമ്മളാരും നമ്മുടെ മാതാവിന് വേദനിപ്പിക്കരുത്.

ഫർസാന.കെ

# ബാല്യകാലം

കരിവളപ്പൊട്ടുപോലെൻബാല്യകാലം
നിറമുള്ള സ്വപ്നങ്ങൾ-
മായാത്ത ഓർമ്മകളും
മധുരിക്കും മാമ്പഴം നുണഞ്ഞകാലം
ഇന്നലകൾപോയ് മറഞ്ഞപ്പോൾ
എൻ ബാല്യകാലവും പോയ് മറഞ്ഞു
കൊതിക്കുന്നു ഞാൻ ബാല്യകാലം
പാടത്തും വരമ്പത്തും കൂട്ടുകാരുമൊത്ത്
ചിരിച്ചു കളിച്ചു നടന്ന കാലം
കോർത്തു പിടിച്ചു കുഞ്ഞിളം കൈകളാൽ
നിറമുള്ള ഓർമ്മകൾ തീർത്തു ഞങ്ങൾ

അപർണ

# ഉദയസൂര്യൻ

വയലിൻ  തന്ത്രികളിൽ  വിരഹശ്രുതി
മീട്ടി  നീ  മടങ്ങിയല്ലോ?
നിൻ തന്ത്രികളിലെ വിരഹശ്രുതി
എൻ  മിഴികളെ  ഈറനണിയിച്ചു
മാന്ത്രികവിരലുള്ള രാജകുമാരാ.......
നിൻ  തന്ത്രികൾ  ഇനി  മൂകമായി
ഉദയസൂര്യനെപ്പോലുള്ള  നിന്നിലെ
ചിരി  മാഞ്ഞുപോയല്ലോ...........
കുഞ്ഞു മാലാഖ കുഞ്ഞേ നിൻ
അമ്മയെ നീ ഏകയാക്കിയില്ലേ
പോകും നേരം നീ പറഞ്ഞുവോ
നിൻ  തോഴിയുടെ അരികിൽ.......
പ്രാണ സഖിയെ ഏകയാക്കി
നീ മടങ്ങിയല്ലോ
മൂകമായ തന്ത്രികളിൽ ഈണം
മീട്ടുവാൻ നീ വരുമോ രാജകുമാരാ.......

ലിയ മാത്യു

# പ്രശ്നോത്തരി

1.ഇന്ത്യയിലെ ആദ്യത്തെ നേച്ചർ ക്യാമ്പിന് ചുക്കാൻ പിടിച്ചത് ആര് ?

- വേ   വൈൽഡ്   ലൈഫ് ഇന്ത്യ

2.ഇന്ത്യയിലെ ആദ്യത്തെ നേച്ചർ ക്യാമ്പ് നടന്നതെവിടെയാമ് ?

- മുംബൈ

3.ഇന്ത്യയിൽ ആദ്യമായി പ്ലാസ്റ്റിക്ക് നിരോധിച്ച സംസ്ഥാനം ?

- ഹിമാചൽ പ്രദേശ്

4.കേരളത്തിലെ ഏറ്റവും വനഭ്രൂമിയുള്ള ജില്ല?

-ആലപ്പുഴ

5.കേരളത്തിലെ ഏകലയേൺ സഫാരി പാർക്ക്?

-നെയ്യാർ

6.ചിന്നാർ സംരക്ഷണ മേഖല ഏത് ജില്ലയിൽയ?

-ഇടുക്കി

7. കേരളത്തിലെ  സംസഥാന വൃക്ഷം?

-തെങ്ങ്

8.ഭ്രൂമിയുടെ  വൃക്ക എന്നറിയപ്പെടുന്നത് ?

-തണ്ണീർതടങ്ങൾ

9.ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ച വർഷം?

-1966

10.സൈലന്റ് വാലി ദേശിയാദ്യാനമായി പ്രഖ്യാപിച്ച വർഷം?

-1980

# ജീവിതത്തിന്റെ മാധുര്യം

നീ ഓടിയ വഴി ഞാൻ ഓടിയിട്ടും

എന്തെ നിന്നെ ഞാൻ മറികടന്നില്ല

നിനക്കായ് ജന്മമെടുത്ത എന്നെ നീ

എന്തിനു വേദനിപ്പിച്ചു

എത്ര തന്നെ മധുരിപിച്ചാലും ഒരിറ്റു

കാഴ്ച്ചപ്പു നീരാൽ നീ എന്നിൽ നിന്ന്

അകലുന്നു

ഞാൻ നിന്നെ ഏറെ സ്നേഹിച്ചിട്ടും

നീ എന്തിന് എന്നെ വെറുക്കുന്നു

കണ്ണ് തുറന്ന് കാണുന്ന നിന്നെകാൾ

എനിക്ക് ഏറെ ഇഷ്ട്ടം കണ്ടച്ചു

കാണുന്ന നിന്നെയാണ്

നീ എന്നിൽ നിന്ന് അകന്നാലും

നീ ഒരു സ്വപ്നമായി എന്നിൽ നിറയും

നിന്നോടോപ്പമുള്ള ഒരു ജന്മത്തിനായി

കാത്തിരിപ്പു ഞാൻ

ക്രൂപാ മെറിൻ

# ' SAVE WATER SAVE EARTH'




Sandra

# സൗഹൃദം

ഒരാളുടെ ജീവിതത്തിലെ അവരുടെ ഏറ്റവും വലിയ അനുഗ്രഹമാകുന്നത് ഒരു നല്ല സൗഹൃദമാണ് ചങ്ങാതി  നന്നായാൽ കണ്ണാടി വേണ്ട .ഒരു വ്യക്തിയുടെ വിജയവും

പരാജയവും ഒരുപോലെ കാണുന്നവരാണ് സൗഹൃദം.

നല്ലകാര്യങ്ങൾ ചെയ്യാൻ  പ്രേരിപ്പിക്കാൻ ഒരു നല്ല സുഹൃത്തിനെ കഴിയൂ . വിജയിക്കുമ്പോൾ കൂടെ നിൽക്കുകയും . തോൽവിയിൽ വേദനിക്കുകയും ചെയ്യുന്നവരല്ല യഥാർഥ സ്നേഹമുള്ള കൂട്ടുകാർ ചെയ്യുക . നമ്മുടെ സന്തോഷത്തിലും ഒരു പോലെ നമ്മളോടൊപ്പം  ചേരുനന്നവരാണ് കൂട്ടുകാർ



# നന്ദിയുടെ ഒരു വാക്ക്...

*ഈ മാഗസിന്റെ പിന്നിൽ അണിനിരന്ന എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലിറ്റിൽകൈറ്റ്സിന്റെ നന്ദി.*